**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** **18-03-2022 - ൽ മറുപടിയ്ക്ക്**

**റൂറൽ ആർട്ട് ഹബുകളുടെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം മുകേഷ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മതനിരപേക്ഷതയുടെ അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനായി സാംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | മതനിരപേക്ഷതയുടെ അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിന് പ്രാധാന്യം നൽകി കൊണ്ടാണ് സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ / പരിപാടികൾ സംഘടിപ്പിക്കുന്നത്. ഭരണ ഘടനയുടെ അന്തസത്ത ഉൾക്കൊണ്ട് മതനിരപേക്ഷ സമൂഹം കെട്ടിപ്പടുക്കുന്നതിന് മത നിരപേക്ഷത മുൻ നിർത്തിയുള്ള സെമിനാറുകൾ, സംവാദങ്ങൾ, സാംസ്കാരിക അവതരണങ്ങൾ എന്നിവ വിവിധ അക്കാദമികളും, സാംസ്കാരിക സ്ഥാപനങ്ങളും വിപുലമായ രീതിയിൽ നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് മതനിരപേക്ഷത ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളിലൂടെ ശക്തമായ ഇടപെടലുകളാണ് സർക്കാർ നടത്തി വരുന്നത്. |
| (ബി) | കൊല്ലത്ത് ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (ബി) | കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതിയാണ് സാംസ്കാരിക വകുപ്പിനു കീഴിൽ കിഫ്ബി മുഖേന നടന്നു വരുന്നത്. കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റേയും പാലക്കാട് ജില്ലയിൽ വി.ടി.ഭട്ടതിരിപ്പാടിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റേയും കാസർഗോഡ് ജില്ലയിൽ സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റേയും നിർമ്മാണം പുരോഗമിക്കുന്നു. ഇവയുടെ സ്ട്രക്ചറൽ ജോലികളും ഫിനിഷിംഗ് ജോലികളും പുരോഗമിക്കുന്നു. എറണാകുളം, ഇടുക്കി, പത്തനംതിട്ട, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി റവന്യൂ ഭൂമി കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ഭൂമി ലഭ്യമായിട്ടില്ലാത്ത മേൽപ്പറഞ്ഞ |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ, ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ അനുയോജ്യമായ റവന്യൂ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. |
| (സി) | കലാകാരൻമാരുടെ നൈപുണ്യം പ്രോത്സാഹിപ്പിക്കുന്നതിനും അന്തർദേശീയ കലാ കമ്പോളവുമായി ബന്ധിപ്പിക്കുന്ന റൂറൽ ആർട്ട് ഹബ്ബുകൾ രൂപീകരിക്കുന്നതിനും നാടൻ കലകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കുമോ? | (സി) | കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പൈതൃക കരകൗശല ഗ്രാമങ്ങളിലെ കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പുവരുത്തുന്ന നൂതനമായ ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം അഥവാ റൂറൽ ആർട്ട് ഹബ് പദ്ധതി. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 20 പൈതൃക കരകൗശല ഗ്രാമങ്ങളെ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 15 ഓളം ഗ്രാമങ്ങളിലെ കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഉത്പന്ന പ്രദർശനം, വിപണനം എന്നീ കാര്യങ്ങളിൽ പിന്തുണ നൽകി അവർക്ക് ഇടനിലക്കാരില്ലാതെ ഈടുറ്റ വിപണി ബന്ധങ്ങൾ ഉറപ്പാക്കുകയാണ് ഈ പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്. ഓരോ ഗ്രാമത്തിലും സ്വാശ്രയ സംഘങ്ങളും കോമൺ ഫെസിലിറ്റി കേന്ദ്രങ്ങളും സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച കരകൗശല വിദഗ്ദർക്ക് തുടർന്നും തൊഴിൽ സാധ്യതകൾ നിലനിർത്തിപോരുന്ന ഒരു പദ്ധതിയാണിത്. നാടൻ കലകളുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും യുവാക്കളിലും ആഭിമുഖ്യമുണർത്തുക തുടങ്ങിയ ലക്ഷ്യത്തോടെ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച്, നടപ്പിലാക്കുന്ന യുവകലാ കാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ തെയ്യം, തിറ, പൂരക്കളി, മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, അന്ധഗായക സംഘം, കാരുണ്യാലയങ്ങളിലെ കലാസംഘങ്ങൾ, ജയിൽ അന്തേവാസികളിൽ നിന്നുള്ള കലാസംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയും അതാത് കലാസംഘങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് തനിമയോടെ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ചു വയ്ക്കുകയും ചെയ്യുന്ന 'മഴമിഴി' - മൾട്ടി മീഡിയ മെഗാ സ്ട്രീമിങ് സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും ഇതിന്റെ തുടർച്ചയായി 'തളിർമിഴി' എന്ന മെഗാ സ്ട്രീമിങും പുരോഗമിക്കുന്നു. ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ തനത് കലാരൂപങ്ങളുടെ അവതരണം, സാംസ്കാരിക സമ്മേളനം കലാകാരന്മാരെ ആദരിക്കൽ എന്നിവ നടന്നു വരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ